**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6680 04.04.2018-ൽ മറുപടിക്ക്**

**ഈ വർഷത്തെ ഹയർ സെക്കന്ററി അക്കൗണ്ടൻസി പരീക്ഷ**

| ചോദ്യം<br><br>ശ്രീ.അനൂപ് ജേക്കബ് | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) കേരള സിലബസ് പ്രകാരമുള്ള ഈ വർഷത്തെ ഹയർ സെക്കന്ററി 2-ാം വർഷ അക്കൗണ്ടൻസി പരീക്ഷയിലെ ചോദ്യങ്ങൾ പ്രയാസമായിരുന്നുവെന്ന വ്യാപകമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിന്റെ മൂല്യനിർണ്ണയം ഉദാരമാക്കാൻ നിർദ്ദേശം നൽകുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കീം ഫൈനലൈസേഷനിൽ . പങ്കെടുക്കുന്ന അധ്യാപകർ ഏതാനും ഉത്തരക്കടലാസ്സുകൾ പരിശോധിച്ച് വിദ്യാർത്ഥികൾക്ക് പ്രസ്തുത പരീക്ഷ പ്രയാസമായിട്ടുണ്ടെന്ന് കണ്ടെത്തുന്ന പക്ഷം അതു പരിഹരിക്കുന്ന വിധത്തിൽ മൂല്യനിർണ്ണയ തന്ത്രം തയ്യാറാക്കുന്നതും ആയത് നടപ്പിലാക്കുന്നതുമാണ്. |
| (ബി) അദ്ധ്യാപകർക്കുപോലും പ്രയാസമായതും കഠിനവുമായ ചോദ്യങ്ങൾ പരീക്ഷകളിൽ ഉൾപ്പെടുത്തുന്നതിന് ഭാവിയിൽ നിയന്ത്രണം ഏർപ്പെടുത്താൻ നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (ബി) ചോദ്യങ്ങൾ തയ്യാറാക്കുന്നവർക്ക് ഇക്കാര്യത്തെ കുറിച്ച് കൃത്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. ആയതിന് കൂടുതൽ ശ്രദ്ധ നൽകുന്നതുമാണ്. |

**സെക്ഷൻ ഓഫീസർ.**